**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 96** **22-07-2021 - ൽ മറുപടിയ്ക്ക്**

**സ്പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ വകുപ്പിന്റെ കീഴിലുള്ള സ്പാർക്ക് സംവിധാനത്തിന്റെ ചുമതലയും മേൽനോട്ടവും ആർക്കാണെന്ന് വ്യക്തമാക്കാമോ; ഇവിടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്നറിയിക്കാമോ; | (എ) | ധനകാര്യ വകുപ്പിന് കീഴിലുള്ള സ്പാർക്ക് (പി.എം.യു) വകുപ്പിൻറെ ചുമതല ചീഫ് പ്രോജക്റ്റ് മാനേജർക്കാണ് (ധനകാര്യ അഡിഷണൽ സെക്രെട്ടറി) .മെയിൽ ,ഫോൺ ,ചാറ്റ് എന്നിവയിലൂടെ സ്പാർക്ക് സൊഫ്റ്റ്വെയർ സംബന്ധമായ സംശയ ദൂരീകരണവും ഇതുമായി ബന്ധപ്പെട്ട സ്പാർക്ക് (പി.എം.യു) ഓഫീസ് സന്ദർശിക്കുന്ന ജീവനക്കാർക്ക് ആവശ്യമായ സഹായങ്ങളും നൽകി വരുന്നു. |
| (ബി) | ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളത്; സ്ഥിരം/താല്ക്കാലികം എന്ന തരത്തിൽ വിശദമാക്കാമോ; | (ബി) | ഈ സ്ഥാപനത്തിൽ മൊത്തം 60 ജീവനക്കാരുണ്ട് .അതിൽ സ്ഥിരം 6, താൽക്കാലികം 54. താൽക്കാലികം -54 മാസ്റ്റർ ട്രെയിനേഴ്സ്- 43 (6 പേര് കൊല്ലം,പത്തനംതിട്ട,ആലപ്പുഴ,എറണാകുളം,മലപ്പുറം,കാസർഗോഡ് ജില്ലാ ട്രഷറികളിൽ ,3 പേർ കണ്ണൂർ സ്പാര്കിൻറെ റീജീയണൽ ഓഫീസിൽ) പ്രോഗ്രാമെഴ്സ് -5 (NIC യിൽ) സിസ്റ്റം അഡ്മിൻ - 2 സെക്യൂരിറ്റി-3 ഓഫീസ് അറ്റൻഡൻഡ് -1 |
| (സി) | പ്രസ്തുത ഓഫീസിൽ ഫോൺ അനുവദിച്ചിട്ടുണ്ടോ; ആയതിന്റെ നമ്പർ അറിയിക്കാമോ; ഇതിൽ വിളിച്ചാൽ എടുക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നുണ്ടോ; സംസ്ഥാനത്തെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിനായി ഈ ഫോണിൽ വിളിച്ചാൽ മറുപടി കിട്ടുന്നില്ല എന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; | (സി) | ഓഫീസിനു ലാൻഡ് ഫോൺ ഉണ്ട് ഫോൺ നമ്പർ:0471-2579700 പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .ഇത് പരിഹരിക്കുന്നതിലെക്കായി കൂടുതൽ മാസ്റ്റർ ട്രെയിനേഴ്സ് ഫോൺ അറ്റൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് . |
| (ഡി) | പരാതിക്കാരോട് പ്രസ്തുത ഓഫീസിലെ ജീവനക്കാർ അപമര്യാദയോടെ പെരുമാറുന്നുവെന്നും പരാതികൾ ഒന്നും തന്നെ | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതികളുടെ സ്വഭാവം അനുസരിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നില്ലെന്നുമുള്ള ആക്ഷേപത്തിന്മേൽ നടപടി സ്വീകരിക്കുമോ; | | |
| (ഇ) | ഇത്തരം വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സ്പാർക്ക് സെന്ററുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും മാന്യമായ പെരുമാററം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | എല്ലാ ജില്ലാ ട്രഷറികളിലും സ്പാർക്ക് ഹെല്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്.കൂടാതെ ഇതിനകം 6 ജില്ലാ ട്രഷറികളിൽ സ്പാർക്ക് (പി.എം.യു) ഓഫീസിൽ നിന്നുള്ള മാസ്റ്റർ ട്രെയിനേഴ്സിൻറെ സേവനം ഹെൽപ് ഡെസ്ക് വഴി നൽകി വരുന്നുണ്ട്. . ജീവനക്കാരുടെ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിനുള്ള മറ്റ് നടപടികൾ സത്വരമായി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ